LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിയ കെ.എസ്.ടി.പി. ഒന്ന് പദ്ധതിയിൽപ്പെടുത്തി വെഞ്ഞാറമൂട് ജംഗ്ഷൻ ഉൾപ്പെടെ എം.സി. റോഡിന്റെ തൈക്കോട് മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡിന്റെ അപ്ഗ്രഡേഷൻ പണി 2011-ൽ പൂർത്തിയാക്കി. ഇതിൽ ഉൾപ്പെടുത്തി വെഞ്ഞാറമൂട് ജംഗ്ഷനിൽ ലഭ്യമായ സ്ഥലങ്ങൾ ഉപയോഗിച്ച് വികസനം പൂർത്തിയാക്കിയതാണ്. കൂടാതെ ശബരിമല തീർത്ഥാടന സീസൺ പ്രമാണിച്ച് വെഞ്ഞാറമൂട് ജംഗ്ഷനിലെ കുഴികൾ അടച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ഈ റോഡിൽ കൂടി വാഹന ഗതാഗതം വളരെയധികം വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇപ്പോൾ ലോക ബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി ഈ ജംഗ്ഷൻ ഉൾപ്പെടെയുള്ള കഴക്കൂട്ടം-തൈക്കോട്-അടൂർ റോഡിനെ ഒരു മോഡൽ റോഡ് സേഫ്റ്റി കോറിഡോറായി വികസിപ്പിക്കുന്നത് വിഭാവനം ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയിൽപ്പെടുത്തി വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങളും, ജംഗ്ഷൻ വികസനവും, ഉപരിതലം പുതുക്കലും ചെയ്യുന്നതാണ്. ഈ പ്രവൃത്തിയുടെ ടെണ്ടർ വിളിക്കുവാനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. ഉടൻതന്നെ ടെണ്ടർ ചെയ്ത് ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കും.

പന്നിക്കുഴി പാലത്തിന്റെ നിർമ്മാണം

300(3187) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.സി.റോഡിനായി പണിയുകൊണ്ടിരിക്കുന്ന പന്നിക്കുഴി പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിനു എന്ന് തുറന്നു കൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ലോക ബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തി നടത്തുന്ന പന്നിക്കുഴി പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇരുവശങ്ങളിലേക്കുമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 2015 ഡിസംബർ 31-ാം തീയതിയോടുകൂടി നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.